(ബി) ഉണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സർക്കാർ യഥാസമയം സ്വീകരിക്കുന്നതാണ്.

(സി) ഇക്കാര്യത്തിൽ ഉചിതമായ നടപടി ഹോർട്ടികോർപ്പ് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, സംഘമൈത്രി കാർഷിക മൊത്ത വ്യാപാര വിപണികൾ തുടങ്ങിയവരിൽ നിന്നും ഹോർട്ടികോർപ്പ് നേരിട്ട് പച്ചക്കറി സംഭരിച്ച് വരുന്നുണ്ട്.

കർഷകർക്ക് സബ്സിഡി ലഭ്യമാക്കൽ

218 (1691) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ്സിഡി ലഭിക്കുന്നതിനായി ഇതുവരെ എത്ര കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൽ എത്ര കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കി ;

(ബി) ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ എത്ര ശതമാനം ഇതുവരെ ലഭ്യമാക്കിയെന്നും ബാക്കി എന്നുവരെ കർഷകർക്ക് ലഭ്യമാക്കുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 18.7 ലക്ഷം അപേക്ഷകൾ ലഭിച്ചതിൽ 17.58 ലക്ഷം അപേക്ഷകൾ ഓൺലൈനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത കർഷകർക്കുള്ള ആനുകൂല്യം അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) 2015-16-ലെ ബഡ്ജറ്റിൽ കൃഷി വകുപ്പിന് പദ്ധതിയിനത്തിൽ ലഭ്യമായ 955.55 കോടി രൂപയിൽ 357.10 കോടി രൂപയ്ക്കുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ 40.42% തുക (ഒക്ടോബർ 2015 വരെ) കർഷകരുടെ അക്കൗണ്ടുകളിലേക്ക് ഇ-പേയ്മെന്റ് വഴി മാത്രം നിക്ഷേപിച്ചുകഴിഞ്ഞു. പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് ബാക്കി തുക കർഷകർക്ക് ലഭ്യമാകുന്നതാണ്.

കർഷകർക്ക് അധികരിച്ച നിരക്ക് ലഭ്യമാക്കൽ

219 (1692) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ വില 19 രൂപയിൽനിന്നും 21.50 ആയി വർദ്ധിപ്പിച്ച് പ്രഖ്യാപിച്ചിട്ടും നാളിതുവരെയായി കർഷകർക്ക് അധികരിച്ച നിരക്ക് ലഭ്യമാകാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നിരക്ക് എന്ന് മുതലാണ് പ്രാബല്യത്തിൽ വരുന്നതെന്നും കർഷകർക്ക് അനുവദിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) സർക്കാർ പ്രഖ്യാപിച്ച പമ്പിംഗ് സബ്സിഡി നാളിതുവരെ കർഷകർക്ക് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കർഷകരിൽനിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് 19 രൂപയിൽനിന്നും 21.50 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർദ്ധനവ് 2015 ഒക്ടോബർ മുതൽ സംഭരിച്ച നെല്ലിനും ബാധകമായിരിക്കും.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 4-5-2015-ലെ സ.ഉ.(എം.എസ്.) 82/15/കൃഷി നമ്പർ ഉത്തരവ് പ്രകാരം 17-08-2014 മുതൽ 4-5-2015 വരെ കൃഷിക്ക് പരമാവധി, ഏക്കറിന് 1200 രൂപ നിരക്കിൽ പമ്പിങ്ങ് സബ്സിഡി നൽകുവാനും ഉടൻന്ന് പൂർണ്ണമായും പമ്പിങ്ങ് സബ്സിഡി നൽകുന്നതിനുമാണ് ഉത്തരവായിട്ടുള്ളത്. 17-8-2014 മുതലുള്ള കൃഷികളുടെ വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡി 2401-00-800-29-3 (എൻ.പി.) എന്ന ശീർഷകത്തിൽനിന്നും വഹിക്കേണ്ടതാണ് എന്നാണ് ഗവൺമെന്റ് ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നാളിതുവരെ ടി ശീർഷകത്തിൽ സബ്സിഡി വിതരണം ചെയ്യുന്നതിനുള്ള ഫണ്ട് ലഭ്യമായിട്ടില്ല. 17-8-2014 പൂഞ്ചകൃഷിക്ക് മുൻപുള്ള കൃഷിയുടെ സബ്സിഡി അനുവദിച്ചുവന്നിരുന്ന 2702-01-88-800-33 എന്ന ശീർഷകത്തിൽ ലഭ്യമായിട്ടുള്ള 60,00,000 രൂപയിൽ 30,20,080 രൂപ നാളിതുവരെ 1189 രണ്ടാം കൃഷി വരെയുള്ള പമ്പിങ്ങ് സബ്സിഡി വിതരണം ചെയ്യുന്നതിന് ഉപയോഗപ്പെടുത്തിയിട്ടുള്ളതാണ്. പമ്പിങ്ങ് സബ്സിഡി അനുവദിക്കുന്ന ശീർഷകത്തെ സംബന്ധിച്ച് വ്യക്തത ആയതിനുശേഷം ഫണ്ട് ലഭ്യമായാൽ ഉടൻതന്നെ വർദ്ധിപ്പിച്ച സബ്സിഡി വിതരണം ചെയ്യുന്നതാണ്.

കർഷകർക്ക് ബയോഗ്യാസ് പ്ലാന്റുകൾ

220 (1693) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് സബ്സിഡിയോടുകൂടി ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് നൽകാനുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly